A

സമഗ്ര ശിക്ഷാ കേരളം

602

# ആത്യന്തിക വിലയിരുത്തൽ I 2025-2026

## കേരള പാഠാവലി

ക്ലാസ്: 6 സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് മാത്രം ഉത്തരമെഴുതിയാൽ മതി.

(1) വായിക്കാം, എഴുതാം

പഴയ കാർഷിക വ്യവസ്ഥിതിയിൽ വെച്ചുവിളമ്പാനായി അടുക്കളയിൽ എത്തിയിരുന്നത് മായം ചേരാത്ത ധാന്യങ്ങളും ശുദ്ധമായ കായ്കറികളും മറ്റു ഭക്ഷ്യവിഭവങ്ങളും ആയിരുന്നു. കീടനാശിനികളും രാസവളങ്ങളും കൊണ്ട് മണ്ണ് നശിപ്പിക്കുന്നതിനു മുമ്പുള്ള പരമ്പരാഗത കൃഷി രീതിയിൽ. രുചിയുള്ള ആരോഗ്യകരമായ വിഭവങ്ങളാണ് വിളയിച്ചിരുന്നത്. ഭക്ഷണസാധനങ്ങളിൽ മായം കലർത്തുന്നത് കച്ചവട സംസ്കാരത്തിനകത്താണ്. നമ്മുടെ നാടൻ വിഭവങ്ങൾ വെച്ചു വിളമ്പിയിരുന്ന അവസ്ഥയല്ല, ഇന്ന് മാർക്കറ്റിൽ നിന്ന് കിട്ടുന്നവ വെച്ചു വിളമ്പുന്ന അടുക്കളയുടേത്. ദരിദ്ര കുടുംബങ്ങൾ ഇല്ലായ്മ കൊണ്ടാണെങ്കിലും താളും തകരയും ചേമ്പും കാച്ചിലും ചക്കയും മാങ്ങയും തവിടുമൊക്കെ ധാരാളമായി ഭക്ഷണത്തിൽ ചേർത്തിരുന്നു. യഥാർഥത്തിൽ 'അടുക്കള ശുദ്ധം' എന്ന് വിളിക്കേണ്ടത് മായം കലർത്താത്ത വസ്തുക്കൾ കൊണ്ട് ശുദ്ധമായ ഭക്ഷണം വെച്ചു വിളമ്പുവാൻ സാധിക്കുന്ന അവസ്ഥയെയാണ്.

a) ഭക്ഷണസാധനങ്ങളിൽ മായം കലർത്തുന്നത്.

A. പരമ്പരാഗത കൃഷി രീതിയിൽ

B. നാടൻ വിഭവങ്ങളിൽ

C. രുചിയുള്ള ഭക്ഷണവിഭവങ്ങളിൽ

D. കച്ചവട സംസ്കാരത്തിന്റെ ഭാഗമായി

b) അടുക്കള ശുദ്ധം എന്ന് വിളിക്കുന്നത് എന്തിനെയാണ്?

A. മായം കലർത്തിയ ഭക്ഷണ വിഭവങ്ങളെ

B. പരമ്പരാഗത കൃഷിരീതിയെ

C. മായം കലരാത്ത വസ്തുക്കൾ കൊണ്ട് ഭക്ഷണം തയ്യാറാക്കുന്നതിനെ

D. രുചിയുള്ള വിഭവങ്ങൾ ഉണ്ടാക്കുന്നതിനെ

c) പണ്ടുകാലത്ത് അടുക്കളയിൽ എത്തിയിരുന്ന ഭക്ഷ്യ വിഭവങ്ങളുടെ പ്രത്യേകത താഴെ പറയുന്നവയിൽ ഏതാണ്?

i. പരമ്പരാഗത കൃഷി രീതിയിൽ വിളയിച്ച രുചിയുള്ള ആരോഗ്യകരമായ വിഭവങ്ങൾ.

ii. മായം ചേരാത്ത ധാന്യങ്ങളും ശുദ്ധമായ കായ്കറികളും മറ്റു ഭക്ഷ്യവിഭവങ്ങളും

A. i മാത്രം ശരി

B. i തെറ്റ്, ii ശരി

C. i ശരി, ii തെറ്റ്

D. i ഉം ii ഉം ശരി

d) ഗദ്യഭാഗത്തിലെ നാലു പ്രസ്താവനകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയുടെ ഗദ്യഭാഗത്തിലെ ക്രമം ഏതാണെന്ന് കണ്ടെത്തി എഴുതുക.

a. കീടനാശിനികളും രാസവളങ്ങളും നമ്മുടെ മണ്ണിനെ നശിപ്പിച്ചു.

b. ഇന്നത്തെ അടുക്കളകളിൽ മാർക്കറ്റിൽ നിന്നു വാങ്ങുന്നവയാണ് പാചകം ചെയ്യുന്നത്.

c. മായം കലർത്തുന്നത് കച്ചവട സംസ്കാരത്തിന്റെ ഭാഗമാണ്.

d. പഴയ അടുക്കളകളിൽ വിളമ്പിയിരുന്നത് മായം ചേരാത്ത ധാന്യങ്ങളും കായ്കറികളുമായിരുന്നു.

A. a, b, c, d

B. d, a, c, b

C. d, c, b, a

D. a, d, b, c

## (2A) കുറിപ്പ്

a. മുളങ്കൂമ്പും നെവേഞ്ചിയും തന്ന രുചിയെക്കുറിച്ചും കേരളത്തിലെ ഗോത്രവർഗക്കാർ കഴിക്കുന്ന ഭക്ഷണരീതിയെക്കുറിച്ചും സുകുമാരൻ ചാലിഗദ്ദ തന്റെ ലേഖനത്തിൽ പറയുന്നുണ്ട്. നിങ്ങളുടെ ഭക്ഷണരീതി അവരുടേതുമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. കുറിപ്പ് തയ്യാറാക്കുക.

b. കുപ്പായം വിയർപ്പിലൊട്ടി, നെറ്റിയുടെ രണ്ടറ്റങ്ങളിലും പളുങ്കുമണി പോലെ വിയർപ്പുതുള്ളികൾ ഉരുണ്ടു കൂടി നിൽക്കുന്ന ബിച്ചായിശേയിത്താത്ത ഏതു സന്ദർഭത്തിലാണ് കഥയിൽ പ്രത്യക്ഷപ്പെടുന്നത്.

A. ചട്ടിപ്പത്തിരിക്കുള്ള പാൽ എത്താൻ വൈകിയപ്പോൾ

B. നെയ്യിലിട്ടു പൊരിച്ച കിസ്മിസ് കരിഞ്ഞുപോയെന്നു കരുതിയപ്പോൾ

C. ചെമ്പിലേക്ക് തോലും പണ്ടവും മുട്ട കലക്കിയതും ശ്രദ്ധയോടെ ചേർക്കുമ്പോൾ

D. കുട്ടികൾ ബഹളം വച്ച് അടുക്കളയിൽ കേറിയിറങ്ങുമ്പോൾ.

c. താഴെ കൊടുത്തവയിൽ 'സുവാർത്ത' എന്ന വാക്ക് ഏറ്റവും ഉചിതമായി പ്രയോഗിച്ചിരിക്കുന്നത് എവിടെ.

a. തന്റെ പ്രിയപ്പെട്ട വളർത്തുനായയെ രണ്ടു ദിവസമായി കാണാനില്ലെന്ന സുവാർത്ത അവൻ കൂട്ടുകാരോട് പങ്കുവച്ചു.

b. കലോത്സവത്തിൽ സ്കൂളിന് ഒന്നാം സ്ഥാനം കിട്ടിയ സുവാർത്ത ഞങ്ങൾ ആഘോഷിച്ചു.

A. a യും b യും ശരി

B. a ശരി, b തെറ്റ്

C. a യും b യും തെറ്റ്

D. a തെറ്റ്, b ശരി

**ചുവടെ കൊടുത്ത (3A), (3B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

**(3A) വാങ്മയചിത്രം**

പലഹാരങ്ങളുടെ താജ് പണിത ബിച്ചായിശേയിത്താത്തയെ പരിചയപ്പെടുത്തി കൂട്ടുകാർക്ക് കത്ത് എഴുതിയല്ലോ? ബിച്ചായിശേയിത്താത്തയുടെ വാങ്മയചിത്രം തയ്യാറാക്കുക

**അല്ലെങ്കിൽ**

**(3B) വിവരണം**

എത്രയെത്ര ഭക്ഷണ വിഭവങ്ങളാണ് നമ്മുടെ അടുക്കളയിൽ പാകം ചെയ്യാറുള്ളത്. അല്പം പാചകമൊക്കെ നിങ്ങൾക്കും അറിയില്ലേ?

നിങ്ങൾക്കിഷ്ടമുള്ള വിഭവം തയ്യാറാക്കുന്നതിന്റെ വിവരണം എഴുതുക.

**ചുവടെ കൊടുത്ത (4A), (4B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

**(4A) വിശകലനക്കുറിപ്പ്**

"മഴ പെയ്തുതീർന്നിട്ടും വീശിനിൽക്കും
കുളിർതെന്നൽ പോലവൻ മാത്രമായി".

ഗാന്ധിജിയുടെ ആശ്രമത്തിൽ വന്നെത്തിയ കുട്ടിയോട് അദ്ദേഹം എങ്ങനെയാണ് പെരുമാറിയത്?

അങ്ങനെയൊരു കുട്ടി നിങ്ങളെ സമീപിച്ച് സഹായം ആവശ്യപ്പെട്ടാലോ?

സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

**(4B)** **പ്രതികരണക്കുറിപ്പ്**

വയലുകൾ നികന്നെങ്ങും
നഗരത്തിവിഭവങ്ങൾ
വിളമ്പുന്ന മണിമേട-
യുയർന്നു വാനിൽ!

കൊയക്കട്ട

വയലുകൾ നികത്തി പകരം മണിമേടകൾ ഉയരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടില്ലേ? നിങ്ങളുടെ പ്രതികരണം ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

**(5)** **ആസ്വാദനക്കുറിപ്പ്**

**നക്ഷത്രത്തിളക്കം**

മാമു ഉണ്ടു മതിയായപ്പോൾ ദിയ മോൾ കൈ ഒരൊറ്റ കുടച്ചിൽ. കൈയിലും പാത്രത്തിലും ഉണ്ടായിരുന്ന വറ്റെല്ലാം ചിന്നി തെറിച്ചു. അമ്മയ്ക്ക് അതു കണ്ട് ദേഷ്യം വന്നു.

"എന്താ അമ്മയുടെ ദിയക്കുട്ടി ഈ കാട്ടിയത്? മാമു ഇങ്ങനെ തട്ടിത്തെറിപ്പിക്ക്യേ? ഇവിടെയൊക്കെ വൃത്തികേടായില്ലേ?"

ദിയമോൾ, പരാതി ശ്രദ്ധിച്ചതേ ഇല്ല. കറുത്ത സിമന്റിട്ട നിലത്ത് ചിന്നിച്ചിതറി കിടക്കുന്ന ചോറിന്റെ വറ്റുകളാണ് അവൾ നോക്കി നിന്നത്.

"അമ്മ നല്ല ബങ്ങിണ്ട് ല്ലേ? കർത്ത ആകാശത്തില് നച്ചത്രം പോലെ" അവൾ വിടർന്ന് ചിരിച്ചു, കണ്ണുകളിൽ നക്ഷത്രത്തിളക്കത്തോടെ.

എം. ഗീതാഞ്ജലി

കഥ വായിച്ചു നോക്കിയല്ലോ. ആസ്വാദനം തയ്യാറാക്കുക.

**(6)** **കഥാരചന**

" ഇനി ഇത് ആവർത്തിക്കരുത്".

മാഷ് ദേഷ്യത്തോടെ നന്ദുവിനെ നോക്കി.

"എന്നും താമസിച്ചേ നീ വരൂ?

അവനൊന്നും മിണ്ടിയില്ല. മുഖം കുനിച്ചുനിന്നു.

കവിളിലുരുണ്ട് മിഴിത്തുള്ളികൾ അവന്റെ പാദത്തിൽ വീണുടഞ്ഞു.

എന്താണ് എന്നും നന്ദു വൈകാൻ കാരണം? നന്ദുവിന്റെ കഥ തയ്യാറാക്കുക.